**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4960** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2017-19 കാലയളവിൽ ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സ് പഠിച്ചിരുന്ന വിദ്യാർഥികളിൽ ചിലർക്ക് നാലാം സെമസ്റ്ററിൽ തോറ്റ വിഷയങ്ങൾക്ക് കോവിഡ് നിയന്ത്രണങ്ങൾ കാരണം സേ പരീക്ഷ എഴുതുവാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സിന് 'സേ' പരീക്ഷ നടത്തുന്നില്ല. |
| (ബി) | പ്രസ്തുത കോഴ്സ് നിലവിൽ ഡിപ്ലോമ ഇൻ ഇലമെന്ററി എഡ്യൂക്കേഷൻ എന്ന കോഴ്സാക്കി മാറ്റിയതിനാലും സിലബസ്സ് ഉൾപ്പെടെയുള്ളവ മാറിയതിനാലും ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സ് പഠിച്ച വിദ്യാർഥികൾക്ക് തോറ്റ വിഷയങ്ങൾക്കുള്ള പരീക്ഷ എഴുതാൻ കഴിയാത്ത സ്ഥിതി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | **നവംബർ 2019, ഏപ്രിൽ 2020, നവംബർ 2021 എന്നീ ഡി.എൽ.എഡ്. സെമസ്റ്റർ പരീക്ഷയോടൊപ്പം ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ഡി.എഡ്) കോഴ്സ് പഠിച്ച് തോറ്റ വിദ്യാർത്ഥികൾക്ക് ഡി.എഡ്.സപ്ലിമെന്ററി പരീക്ഷ നടത്തിയിരുന്നു. ജനുവരി 2022-ൽ ഒരു സപ്ലിമെന്ററി പരീക്ഷ കൂടി നടത്തിയിരുന്നു.** |
| (സി) | തോറ്റ വിഷയങ്ങൾക്ക് പുതിയ സിലബസ്സ് പ്രകാരം പരീക്ഷ എഴുതുന്നതിന് ഈ വിദ്യാർഥികൾക്ക് അവസരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ; | (സി) | **പരിഗണനയിൽ ഇല്ല.** |
| (ഡി) | ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സ് വിജയിക്കാത്ത കുട്ടികൾക്ക് തോറ്റ വിഷയങ്ങൾ എഴുതി എടുക്കുന്നതിനും അവരുടെ ഭാവി സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും കോവിഡ് കാലത്തെ നിയന്ത്രണങ്ങൾ കണക്കിലെടുത്ത് പുന:പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ എന്നും അറിയിക്കുമോ? | (ഡി) | **നവംബർ 2019, ഏപ്രിൽ 2020, നവംബർ 2021 എന്നീ ഡി.എൽ.എഡ്. സെമസ്റ്റർ പരീക്ഷയോടൊപ്പം ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ഡി.എഡ്) കോഴ്സ് പഠിച്ച് തോറ്റ വിദ്യാർത്ഥികൾക്ക് ഡി.എഡ്. സപ്ലിമെന്ററി പരീക്ഷ നടത്തിയിരുന്നു.** 16/11/2021 ലെ സ.ഉ.(സാധാ)നം. 5141/2021 പൊ.വി.വ പ്രകാരം ഡി.എൽ.എഡ്. കോഴ്സ് പഴയ പാഠ്യപദ്ധതിയിൽ പഠിക്കുകയും പരീക്ഷയിൽ പരാജയപ്പെടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കുന്നതിനായി പഴയ പാഠ്യപദ്ധതി അനുസരിച്ച് സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിന് അനുമതി നൽകുകയും അതിൻ |

| | | | |
|---|---|---|---|
| | | | പ്രകാരം 2022 ജനുവരിയിൽ ഒരു സപ്ലിമെന്ററി പരീക്ഷ കൂടി നടത്തുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - 2013 മുതൽ നിലവിലുണ്ടായിരുന്ന പഴയ പാഠ്യപദ്ധതിയനുസരിച്ചുള്ള ഡി.എൽ.എഡ് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.5141/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 16/11/2021

---

പരാമർശം:- 1. 27.08.2021 ലെ പരീക്ഷ ഭവൻ സെക്രട്ടറിയുടെ EX-H2/31505/2021/CGE നമ്പർ കത്ത്

**ഉത്തരവ്**

2018 ജൂൺ മാസം മുതൽ പുതിയ പാഠ്യപദ്ധതി അനുസരിച്ച് ഡി.എൽ.എഡ് കോഴ്സ് ആരംഭിച്ചതിനാൽ 2013 മുതൽ നിലവിലുണ്ടായിരുന്ന പഴയ പാഠ്യപദ്ധതിയനുസരിച്ചുള്ള ഡി.എൽ.എഡ് കോഴ്സ് പൂർണ്ണമായും നിർത്തലാക്കിയെന്നും എന്നാൽ പ്രസ്തുത പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾ സപ്ലിമെന്ററി പരീക്ഷകൾ എഴുതുന്നതിന് അവസരം നൽകണമെന്ന് അപേക്ഷിച്ചിട്ടുമുള്ളതിനാൽ, പഴയ പാഠ്യപദ്ധതി അനുസരിച്ചുള്ള സപ്ലിമെന്ററി പരീക്ഷ നടത്തുന്നതിന് അനുമതി നൽകണമെന്ന് പരീക്ഷഭവൻ സെക്രട്ടറി പരാമർശം കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. ഡി.എൽ.എഡ് കോഴ്സ് പഴയ പാഠ്യപദ്ധതിയിൽ പഠിക്കുകയും പരീക്ഷയിൽ പരാജയപ്പെടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കുന്നതിനായി പഴയ പാഠ്യപദ്ധതി അനുസരിച്ച് സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഒ എൻ സക്കീർ ഹുസൈൻ
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sindhu S
Date: 16-11-2021 12:49:03
സെക്ഷൻ ഓഫീസർ
Reason: Approved